"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ്- സ്കോളർഷിപ്പിന് പരിഗണിക്കുന്ന വിഭാഗം കുട്ടികളുടെ എണ്ണത്തിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3046/2025/LSGD തീയതി,തിരുവനന്തപുരം, 22-12-2025

പരാമർശം:- 1. 30.9.2025 ലെ സ.ഉ(സാധാ)നം 2388/2025/LSGD നമ്പർ സർക്കാർ ഉത്തരവ്

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27.10.2025 ലെ എൻ.2/16397/2025/ഡി.ജി.ഇ നമ്പർ സർക്കുലർ

**ഉത്തരവ്**

വിദ്യാർത്ഥികളിൽ ഉത്തരവാദിത്തമുള്ള ഉപഭോക്തൃ സംസ്കാരം (Responsible Consumption), ശാസ്ത്രീയമായ മാലിന്യപരിപാലനം, മാലിന്യത്തിൻ്റെ അളവ് കുറയ്ക്കൽ തുടങ്ങിയ വിഷയങ്ങളിൽ താൽപ്പര്യം വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടെ "വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ് - ഇക്കോ സെൻസ് " - എന്ന പേരിൽ ഒരു സ്കോളർഷിപ് പദ്ധതി അംഗീകരിച്ച് കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിൽ യുപി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങൾക്ക് യഥാക്രമം 40%, 30%, 30% എന്നിങ്ങനെ ഗ്രാമപഞ്ചായത്തിൽ 50 വിദ്യാർത്ഥികൾക്കും മുനിസിപ്പാലിറ്റിയിൽ 75 കുട്ടികൾക്കും കോർപ്പറേഷനിൽ 100 കുട്ടികൾക്കും വീതം സ്കോളർഷിപ്പ് അനുവദിക്കുന്നതിനാണ് പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹയർ സെക്കന്ററി സ്കൂളുകൾ/ഹൈസ്കൂളുകൾ ഇല്ലാത്തതിനാൽ സ്കോളർഷിപ്പിന് പരിഗണിക്കുന്ന വിഭാഗം കുട്ടികളുടെ എണ്ണത്തിൽ ആശയക്കുഴപ്പം ഉള്ളതായി സർക്കാരിൻ്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചതിൻ്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ താഴെ പറയും പ്രകാരം വ്യക്തത വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലെങ്കിൽ 30% യു.പി, ഹൈസ്കൂൾ വിഭാഗങ്ങൾക്ക് തുല്യമായി വിഭജിച്ച് നൽകാവുന്നതാണ്. കൂടാതെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹൈസ്കൂൾ ഇല്ലാത്ത പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ആകെ സ്കൂളുകളുടെ എണ്ണവും വിദ്യാർത്ഥികളുടെ എണ്ണവും വിലയിരുത്തി ആവശ്യമെങ്കിൽ മുഴുവൻ സ്കോളർഷിപ്പും യു.പി വിഭാഗത്തിനായി പരിഗണിക്കാവുന്നതാണ്. ഒരു ഹയർ സെക്കണ്ടറി സ്കൂൾ മാത്രം ഉള്ളയിടങ്ങളിൽ ക്വാട്ട നിർണയിച്ച അത്രയും കുട്ടികൾ

ഇല്ലാത്തപക്ഷം ഈ ഒഴിവിലേക്ക് യു.പി, ഹൈസ്കൂൾ വിഭാഗം കുട്ടികളെ പരിഗണിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി പൊതുവിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 24-12-2025 11:41:22
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക് പൊതുവിദ്യാഭ്യാസ വകുപ്പ്